ഫയൽ നം : M3/42/2020-TC

തീയതി : 08/03/2021

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട് , തൈക്കാട് പി.ഒ
തിരുവനന്തപുരം - 695 014

ഇ-മെയിൽ : tcoffice.mvd@kerala.gov.in | വെബ്: www.mvd.kerala.gov.in | ☎ :0471- 2333317

## വാഹന ലേല പരസ്യം

### KL 01 AN 1351 നമ്പർ വാഹന നിബന്ധനകൾ

1 ലേലത്തിൽ പങ്കെടുക്കുന്നവർ 2,000/- രൂപ (രണ്ടായിരം രൂപ മാത്രം) നിരതദ്രവ്യമായി കെട്ടിവയ്ക്കേണ്ടതാണ്.

2 ലേലം ആരംഭിക്കുന്നതിനു മുൻപ് ടെണ്ടറുകൾ സ്വീകരിക്കുന്നതാണ്. എന്നാൽ ലേലത്തിൽ പങ്കെടുക്കുവാൻ ടെണ്ടർ നിർബന്ധമില്ല. ഓരോ ടെണ്ടറിനോടൊപ്പവും ടെണ്ടർ തുകയുടെ 25% ൽ കുറയാത്ത തുകയ്ക്കുള്ള ഇന്നുമുതൽ മൂന്ന് മാസത്തിൽ കുറയാത്ത കാലാവധിയുള്ള ട്രാൻസ്പോർട്ട് കമ്മീഷണർ തിരുവനന്തപുരത്തിന്റെ പേരിലുള്ള ബാങ്ക് ഡ്രാഫ്റ്റ് അടക്കം ചെയ്തിരിക്കേണ്ടതാണ്.

3 ഏറ്റവും കൂടുതൽ തുകയ്ക്ക് ലേലം വിളിക്കുന്ന / ടെണ്ടർ നൽകുന്ന വ്യക്തിയുടെ പേരിൽ ലേലം താൽക്കാലികമായി ഉറപ്പിച്ച് നൽകുന്നതും ഒന്നിൽ കൂടുതൽ ആളുകൾ ഒരേ തുകയ്ക്ക് ടെണ്ടർ നൽകുകയോ അല്ലെങ്കിൽ ടെണ്ടർ തുകയും ഒന്നാകയോ ചെയ്താൽ നറുക്കെടുപ്പിലൂടെ ടെണ്ടർ / ലേലം ഉറപ്പിക്കുന്നതാണ്.

4 ഏറ്റവും കൂടുതൽ തുകയ്ക്ക് ലേലം വിളിക്കുന്ന / ടെണ്ടർ നൽകുന്ന വ്യക്തിയുടെ പേരിൽ ലേലം താൽക്കാലികമായി ഉറപ്പിച്ച് നൽകുന്നതും ടിയാൻ ഉടൻ തന്നെ ലേല തുക മുഴുവനായും ജി.എസ്.ടി.യും കൂടി ചേർത്ത് കെട്ടിവയ്ക്കേണ്ടതാണ്. ലേലത്തിൽ പരാജയപ്പെടുന്നവർ നിരതദ്രവ്യം അതേ ദിവസം ലേലത്തിൽ അവസാനിക്കുമ്പോൾ തന്നെ തിരികെ കൈപ്പറ്റേണ്ടതാണ്.

5 മേലധികാരി ലേലം സ്ഥിരപ്പെടുത്തി അറിയിക്കുന്ന മുറയ്ക്ക് ലേല തുകയും ജി.എസ്.ടി.യും കൂടി ചേർത്ത് അപ്പോൾ തന്നെ കെട്ടിവച്ച് ലേലം കൊണ്ടയാൾ 15 ദിവസത്തിനകം സ്വന്തം ചെലവിൽ വാഹനം കൊണ്ടുപോകേണ്ടതാണ്.

6 കേരള മോട്ടോർ വാഹന വകുപ്പിന്റെ അധീനതയിലുള്ള KL 01 AN 1351 എന്ന 2006 വർഷത്തിൽ നിർമ്മിക്കപ്പെട്ട മഹീന്ദ്ര ബൊലേറ വാഹനം വഴുതയ്ക്കാടിലുള്ള ട്രാൻസ് ടവറിലാണ് സൂക്ഷിച്ചിരിക്കുന്നത്. **ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, വഴുതയ്ക്കാട്, തിരുവനന്തപുരത്തിന്റെ കാര്യാലയത്തിൽ (ഫോൺ നമ്പർ 0471-2333337 / 23333317)**

**<u>വച്ച് ടി വാഹനം 08.04.2021-ന് രാവിലെ 11.00 മണിയ്ക്ക്</u>** നിലവിലുള്ള ലേല വ്യവസ്ഥകൾക്ക് വിധേയമായി പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതാണ്.

7 മേൽപ്പടി വാഹനത്തിന്മേൽ ലേൽം സ്ഥിരപ്പെടുന്ന തീയതി വരെയുള്ള വാഹന നികുതി ഒഴികെയുള്ള യാതൊരു നികുതി ബാധ്യതകൾക്കും ഡിപ്പാർട്ട്മെന്റ് ഉത്തരവാദിയായിരിക്കുകയില്ല. വാഹനം ഇപ്പോഴുള്ള നിലയിലും അവസ്ഥയിലും ആയിരിക്കും വിൽക്കുന്നത്. ലേല നിബന്ധനകൾ ടി വാഹനത്തിന്റെ രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക്ക് ഈ ഓഫീസിൽ നിന്നും അറിയാവുന്നതാണ്. വാഹനം നേരിൽ പരിശോധിക്കണമെന്നുള്ളവർക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ പകൽ രാവിലെ 11 മുതൽ 4 മണി വരെയോ അല്ലെങ്കിൽ ലേല ദിവസം രാവിലെ 10.30 മണിക്കു മുമ്പേയോ പരിശോധിക്കാവുന്നതാണ്.

Digitally signed by M R AJITHKUMAR IPS
Date:Mon Mar 08 15:52:28 IST 2021
Reason: Approved

M R Ajithkumar Ips
Transport Commissioner